(ബി) ഗവൺമെൻറ് സ്കൂളുകളിലെ ഇത്തരം താൽക്കാലിക ഒഴിവുകളിൽ ദിവസ വേതനത്തിന് അദ്ധ്യാപകരെ നിയമിക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് അനുവദിക്കാത്തതെന്നും വിദ്യാർത്ഥികളെ ഇത് എങ്ങനെ ബാധിക്കുമെന്നും വിശദമാക്കുമോ;

(സി) മെറ്റേണിറ്റി ലീവ് എടുത്തു പോകുന്നതുകൊണ്ട് ഉണ്ടാവുന്ന താൽക്കാലിക ഒഴിവുകൾ നിലവിലുള്ള ചട്ടം അനുസരിച്ച് നികത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ അതിന് അനുമതി നൽകുമോ?

ഉത്തരം

(എ—സി) 14-8-2002-ലെ ജി.ഒ. (പി) നം. 249/2002/പൊ.വി.വ. പ്രകാരം ഗവൺമെൻറ് സ്കൂളുകളിൽ 30 ദിവസത്തിലധികം വരുന്ന ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താമെന്നും 15-6-2004-ലെ ജി.ഒ. (പി) നം. 169/2004/പൊ.വി.വ. പ്രകാരം എയിഡഡ് സ്കൂളുകളിൽ ഒരു വർഷത്തിൽ താഴെ വരുന്ന ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താമെന്നും ഉത്തരവായിട്ടുണ്ട്.

അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരുടെ കണക്ക്

65 [1593] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. 2003-04 വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല		അദ്ധ്യാപകരുടെ എണ്ണം
1. തിരുവനന്തപുരം	..	1630
2. കൊല്ലം	..	315
3. പത്തനംതിട്ട	..	378
4. ആലപ്പുഴ	..	367
5. കോട്ടയം	..	699
6. ഇടുക്കി	..	250
7. എറണാകുളം	..	1329
8. തൃശ്ശൂർ	..	564
9. പാലക്കാട്	..	652
10. മലപ്പുറം	..	952
11. കോഴിക്കോട്	..	631

LIBRARY ARCHIVES Kerala Legislative Assembly

12.	വയനാട്	..	109
13.	കണ്ണൂർ	..	319
14.	കാസർഗോഡ്	..	92
	ആകെ	..	8287

(ബി) 30-9-1999-ലെ ജി.ഒ. (എം). എസ്.) 244/99/പൊ.വി. ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ-എയിഡഡ് സ്കൂളുകളിലെ സേവന വ്യവസ്ഥകളും താഴെ പറയും പ്രകാരമാണ്:

തസ്തിക		കുറഞ്ഞ ശമ്പളം
ഹെഡ്മാസ്റ്റർ	..	3000+200 രൂപ (സൂപ്പർവിഷൻ അലവൻസ്)
എച്ച്. എസ്. എ.	..	3000 രൂപ
പ്രൈമറി ടീച്ചർ	..	2500 ,,
ക്ലാർക്ക്	..	2000 ,,
പ്യൂൺ/ക്ലാസ് 4	..	1800 ,,

എയിഡഡ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതതന്നെയാണ് അംഗീകൃത അൺ-എയിഡഡ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നത്.

ശ്രീമതി ജെ. അംബികാദേവിക്ക് ലീവ് അനുവദിക്കൽ

66 [1594] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കായംകുളം പുതിയവിള യു. പി. എ,സിലെ യു. പി. എസ്. എ. ശ്രീമതി ജെ. അംബികാദേവിക്ക് അഞ്ച് വർഷത്തേക്ക് ലീവ് വിത്തൗട്ട് അലവൻസ് അനുവദിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ബി) ഈ അദ്ധ്യാപികയുടെ ഭർത്താവ് കിഡ്നി സംബന്ധമായ അസുഖമുള്ള ആളായതിനാൽ ഗൾഫിൽ ഇദ്ദേഹത്തെ പരിചരിക്കുന്നതിന് പോകുന്നതിനായി ഇവരുടെ ലീവ് അനുവദിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി ജെ. അംബികാദേവി വിദേശത്തേക്ക് പോകുന്നതിനായി 10-2-2004-മുതൽ 2 വർഷത്തേക്ക് കെ. എസ്. ആർ. അപ്പൻഡിക്സ് 12-C പ്രകാരം L. W. A. അനുവദിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്റർക്ക് സമർപ്പിച്ച, അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് 16-4-2004 ന് സർക്കാരിൽ ലഭിച്ചിരുന്നു. ആയത് അസ്സൽ അപേക്ഷ, സർവ്വീസ് പുസ്തകം എന്നിവ സഹിതം, ഡി. ഇ. ഒ.-യുടെ ശുപാർശയോടെ അയച്ചു തരുവാൻ 21-12-2004-ലെ കത്തുപ്രകാരം കായംകുളം എ. ഇ. ഒ.യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. 17-4-2004-ന് സ്കൂൾ പ്രധാന അദ്ധ്യാപകൻ ലഭിച്ച ലീവ് അപേക്ഷയിലെ കോളങ്ങൾ കൃത്യമായി പൂരിപ്പിക്കാത്തതിനാലും ടീച്ചർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം, ടിയാളുടെ പേരിൽ ഹരിപ്പാട് കോ-ഓപ്പ് സൊസൈറ്റിയിൽ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly